## കൃഷിവകുപ്പിലെ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം

**141 (4176)** ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി കൃഷി വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾക്ക് എത്ര തുക വീതമാണ് ലഭിച്ചത്;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻവേണ്ടി എത്ര തുകയാണ് സംസ്ഥാന സർക്കാർ ചെലവാക്കിയത്;

(സി) ഈ വർഷം ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം അനുവദിച്ചു ; ഇതിൽ സംസ്ഥാന വിഹിതം എത്രയാണ്;

(ഡി) സംസ്ഥാന വിഹിതത്തിന് ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്?

ഉത്തരം

(എ & ബി) അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(സി) ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ ആവശ്യമായ സംസ്ഥാന വിഹിതത്തിന്റെയും വിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു*

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിനായി വകയിരുത്തിയിട്ടുള്ളതാണ്. അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

## കൃഷി ഡയറക്ടറേറ്റിലെ ഒഴിവുകൾ

**142 (4177)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഡയറക്ടറേറ്റിലെ എൽ.ഡി.സി., എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ; ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ ; വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly